# 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3397** **01-03-2023 - ൽ മറുപടിയ്ക്ക്**

### ഇടമുളക്കൽ പഞ്ചായത്തിലെ പട്ടയ ഭൂമിയിലേയ്ക്ക് വഴി ലഭ്യമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ നിയോജക മണ്ഡലത്തിലെ ഇടമുളക്കൽ പഞ്ചായത്തിലെ നീറായികോട് പ്രദേശത്ത് 65 കുടുംബങ്ങൾക്ക് 2016 ഫെബ്രുവരിയിൽ 3 സെന്റ് വീതം പട്ടയം നൽകിയിരുന്നെങ്കിലും പ്രസ്തുത ഭൂമിയിലേയ്ക്ക് വഴി സൗകര്യം ഇല്ലാത്തതിനാൽ കുടുംബങ്ങൾക്ക് നാളിതുവരെ ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സമീപവാസിയുടെ ഭൂമി പ്രസ്തുത പ്രദേശത്തേക്കുള്ള വഴിക്ക് വേണ്ടി അക്വയർ ചെയ്യുന്നതിനായി പുനലൂരിൽ റവന്യൂ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിന്റെ തീരുമാനമനുസരിച്ച് പുനലൂർ താലൂക്കിൽ നിന്നും തയ്യാറാക്കി സമർപ്പിച്ചതും ഇപ്പോൾ ലാന്റ് റവന്യൂ കമ്മീഷണറേറ്റിന്റെ പരിഗണനയിലുള്ളതുമായ ഫയലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; | (ബി) | പട്ടയ ഭൂമിയിലേക്കുള്ള വഴിക്കായി സമീപവാസിയുടെ ഭൂമി ഏറ്റെടുക്കുന്നതിനായി കൊല്ലം ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത ഭൂമിയിലേക്ക് വഴി ലഭ്യമാക്കി നൽകുന്ന നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ വിശദാംശം നൽകാമോ? | (സി) | ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശ സഹിതമുള്ള പ്രൊപോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br>ടി വിഷയം പരിശോധിക്കുന്ന ഫയലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.:<br>DCKLM/2336/2018-L16-(കലക്ടേറ്റ്, കൊല്ലം)<br>LR/2195/2023-LR(J9)-(ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്) |

സെക്ഷൻ ഓഫീസർ